## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 42 | 08.08.2017 -ൽ മറുപടിക്ക്

<u>വിനോദസഞ്ചാരമേഖലയിൽ ചരക്കുസേവന മേഖല സൃഷ്ടിച്ചിട്ടുള്ള ആശങ്ക</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. അനിൽ അക്കര<br>ശ്രീ. വി.എസ്. ശിവകുമാർ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ചരക്ക് സേവന നികുതി വിനോദ സഞ്ചാര മേഖലയിൽ ആശങ്ക സൃഷ്ടിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) ടൂർ പാക്കേജുകൾക്ക് ഏർപ്പെടുത്തി യിട്ടുള്ള നികുതി ഈ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | ബി) ഉണ്ട് |
| സി) വഞ്ചി വീടുകൾക്കുള്ള പാക്കേജ് നികുതി 28 ശതമാനം ആക്കിയത് പ്രസ്തുത മേഖലയുടെ പുരോഗതിക്ക് വിഘാതമാകുമെന്നത് കണക്കാക്കി യിട്ടുണ്ടോ; | സി) ഉണ്ട് |
| ഡി) എങ്കിൽ ടൂറിസം മേഖലയുടെ ആശങ്ക അകറ്റുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | ഡി) ചരക്കുവേസന നികുതി നിലവിൽ വന്നതിലൂടെ വിനോദസഞ്ചാര മേഖലയ്ക്ക് ഉണ്ടായിട്ടുള്ള ആശങ്ക കൾ വിലയിരുത്തുന്നതിനായി ഈ മേഖലയിലെ വിവിധ സംഘടനകളുമായും സംരംഭകരുമായും |

ചർച്ചകൾ നടത്തി. കണ്ടെത്തിയ വസ്തുതകൾ ഔദ്യോഗികമായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധ യിൽപ്പെടുത്തി പരിഹാരം കാണുന്നതിനു വേണ്ടി വിശദാംശങ്ങൾ ധനകാര്യ വകുപ്പിനു നൽകി യിട്ടുണ്ട്. ടൂറിസത്തിനായുള്ള പാർലമെന്ററി സമിതി 2017 ജൂൺ മാസത്തിൽ കേരളത്തിൽ സന്ദർശനം നടത്തിയപ്പോൾ തന്നെ ചരക്കു സേവന നികുതി സംബന്ധിച്ച് വിനോദസഞ്ചാര മേഖലയുടെ ആശങ്കകൾ ടൂറിസം വകുപ്പ് ഉദ്യോഗസ്ഥരും ടൂറിസം രംഗത്തെ സംഘടനാ ഭാരവാഹികളും കമ്മിറ്റിയുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ